**"ഭരണഭാഷ – മാതൃഭാഷ"**
**(കേരള സംസ്ഥാനം)**
**വ്യാവസായിക പരിശീലന വകുപ്പ്**
**ട്രെയിനിംഗ് ഡയറക്ടറേറ്റ്, തൊഴിൽ ഭവൻ**
**പി എം ജി, വികാസ് ഭവൻ പി.ഒ, തിരുവനന്തപുരം: 695033**
**ഇ മെയിൽ: cru.dttvpm@kerala.gov.in, ഫോൺ നമ്പർ : 0471-2303856**

---

**DT/322/2026-C2-Part(1)** **തീയതി: 16-09-2026**

---

## ചുറ്ററിയിപ്പ്

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ് ഡയറക്ടറേറ്റ് - അഡ്മിഷൻ & അഫിലിയേഷൻ വിഭാഗം - **National Instructor Management System (NIMS)** പോർട്ടലിൽ ഇൻസ്ട്രക്ടർ മാപ്പിംഗ് പൂർത്തീകരിക്കുന്നതിനുള്ള സമയ പരിധി നിബന്ധനകളോടെ ഡയറക്ടറേറ്റ് ജനറൽ ഓഫ് ട്രെയിനിംഗ് **(DGT)** ദീർഘിപ്പിച്ചിട്ടുള്ള വിവരം അറിയിക്കുന്നത് സംബന്ധിച്ച്

സൂചന:-
1. **File No. DGT-MIS013/2/2023-O/o DIR (TC) [57369]** നമ്പരായ **15.09.2026** തീയതിയിലെ **DGT** യിൽ നിന്നുള്ള അറിയിപ്പ്.
2. **DT/1997/2026-C1-Part(3)** നമ്പരായ **02.09.2026** തീയതിയിലെ ചുറ്ററിയിപ്പ്.

**********

രാജ്യത്തെ എല്ലാ ഐ ടി ഐ കളിലും ഇൻസ്ട്രക്ടർമാരുടെ ട്രേഡ്/യൂണിറ്റ് അടിസ്ഥാനത്തിലുള്ള വിവരങ്ങൾ **National Instructor Management System (NIMS)** പോർട്ടലിൽ ചേർത്ത് മാപ്പിംഗ് പൂർത്തീകരിക്കുന്നതിനുള്ള അന്തിമ തീയതി **03.09.2026** തീയതി ആയി ഡയറക്ടറേറ്റ് ജനറൽ ഓഫ് ട്രെയിനിംഗ് **(DGT)** നിശ്ചയിച്ചിരുന്ന വിവരം സൂചന **(2)** ചുറ്ററിയിപ്പിലൂടെ എല്ലാ സ്ഥാപന മേധാവിമാരെയും അറിയിച്ചിരുന്നു.

രാജ്യത്തെ സർക്കാർ/സ്വകാര്യ ഐ.ടി.ഐകളിലെ പരിശീലന പ്രവർത്തനങ്ങൾ **10.08.2026** മുതൽ ആരംഭിച്ചിരിക്കുന്നത് പരിഗണിച്ചും, **2026** പരിശീലന വർഷം ഐ ടി ഐ പ്രവേശനം നേടിയ ട്രെയിനികളുടെ വിവരങ്ങൾ പോർട്ടലിലേക്ക് മൈഗ്രേറ്റ് ചെയ്യുന്ന നടപടികൾ **09.09.2026** മുതൽ ആരംഭിച്ചിരിക്കുന്നത് പരിഗണിച്ചും ഇൻസ്ട്രക്ടർ മാപ്പിംഗ് പൂർത്തീകരിക്കുന്നതിന് എല്ലാ ഐ.ടി.ഐകൾക്കും **18.09.2026** വരെ ഒരു അവസാന അവസരം കൂടി ഡയറക്ടറേറ്റ് ജനറൽ ഓഫ് ട്രെയിനിംഗ് **(DGT)** നിബന്ധനകളോടെ അനുവദിച്ചിരിക്കുന്ന വിവരം, സൂചന **(1)** അനുസരിച്ച് എല്ലാ സർക്കാർ/സ്വകാര്യ/**SCDD/STDD** സ്ഥാപന മേധാവിമാരെയും അറിയിക്കുന്നു.

**18.09.2026**-ന് ശേഷം ട്രെയിനി ഡാറ്റ മൈഗ്രേഷൻ സമയത്ത് ഇൻസ്ട്രക്ടർ

മാപ്പിംഗുമായി ബന്ധപ്പെട്ട് ലഭിക്കുന്ന ഏതൊരു അഭ്യർത്ഥനയും യഥാർത്ഥവും അസാധാരണവുമായ സാഹചര്യങ്ങളിൽ മാത്രം, ഓൺലൈൻ അഭ്യർത്ഥന സമർപ്പിക്കുന്നതിന് വിശദീകരിച്ചിരിക്കുന്ന പ്രകാരം, ആവശ്യമായ പിഴ/ഫൈൻ അടയ്ക്കുകയും, അതോടൊപ്പം വ്യക്തമായ കാരണം/ന്യായീകരണം **(proper justification)** സമർപ്പിക്കുകയും വേണം. എന്നും ഡയറക്ടറേറ്റ് ജനറൽ ഓഫ് ട്രെയിനിംഗ് **(DGT)** നിർദേശിച്ചിട്ടുണ്ട്. സൂചന **(1)** ലെ **DGT** അറിയിപ്പിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

ഈ സാഹചര്യത്തിൽ എല്ലാ ഐ ടി ഐ സ്ഥാപന മേധാവിമാരും ഈ അവസരം പ്രയോജനപ്പെടുത്തി, അന്തിമ സമയപരിധി ആയി (പിഴ/ഫൈൻ കൂടാതെ) നിശ്ചയിച്ചിട്ടുള്ള **18.09.2026** തീയതിക്കുള്ളിൽ തന്നെ **National Instructor Management System (NIMS)** പോർട്ടലിൽ ഇൻസ്ട്രക്ടർമാരുടെ മാപ്പിംഗ് നടപടികൾ പൂർത്തീകരിക്കേണ്ടതാണ് എന്ന വിവരം അറിയിക്കുന്നു. കൂടാതെ എല്ലാ ജില്ലാ നോഡൽ/സബ് നോഡൽ ഐ ടി ഐ പ്രിൻസിപ്പൽ മാരും, തങ്ങളുടെ ഐ ടി ഐ യുടെ അധികാര പരിധിയിൽ വരുന്ന എല്ലാ സ്വകാര്യ ഐ ടി ഐ കളിലേക്കും ഈ അറിയിപ്പ് നൽകേണ്ടതും, അതിനുള്ള രേഖകൾ ലഭ്യമാക്കി സ്ഥാപനത്തിൽ സൂക്ഷിക്കേണ്ടതുമാണ്.

Digitally signed by
D MENEKSH PRASAD
Date: 16-09-2026
17:40:23

**അഡീഷണൽ ഡയറക്ടർ**

ഉള്ളടക്കം: സൂചന **(1)** ലെ **DGT** അറിയിപ്പിന്റെ പകർപ്പ്

സ്വീകർത്താവ്: എല്ലാ സർക്കാർ./സ്വകാര്യ/**SCDD/STDD/BTC** സ്ഥാപന മേധാവിമാരും

പകർപ്പ്:

1. ഡയറക്ടർ, പട്ടിക ജാതി./പട്ടിക വർഗ്ഗ വികസന വകുപ്പ്
2. ജോയിന്റ് ഡയറക്ടർ, മേഖല കേന്ദ്രം, കണ്ണൂർ
3. എല്ലാ ട്രെയിനിംഗ് ഇൻസ്പെക്ടർമാർക്കും
4. മാനേജർ, ഇ-ഗവേർണൻസ് (വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരണത്തിനായി)
5. സ്റ്റോക്ക് ഫയൽ (സി1)